## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **29-08-2022 - ൽ മറുപടിയ്ക്ക്**

## ഫണ്ടുകൾ ലാപ്സാകാതിരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തങ്ങൾക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്ലാൻ ഫണ്ട് വിനിയോഗ വിവരങ്ങൾ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും അവലോകനം ചെയ്യുന്നതിന് 'പ്ലാൻ സ്പേയ്സ്" എന്ന സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാസത്തിലൊരിക്കൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയും, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു. കൂടാതെ പദ്ധതികൾ കാര്യക്ഷമവും സുതാര്യവും, സമയബന്ധിതവുമായി നടത്തുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ബ്ലോക്ക് തലത്തിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ പുരോഗതി അവലോകന യോഗങ്ങൾ ഡയറക്ടറുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുന്നുണ്ട്. ജില്ലാ തലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പദ്ധതികൾ കാര്യക്ഷമവും സുതാര്യവും, സമയബന്ധിതവുമായി നടത്തുന്നതിന് നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായുമായി രൂപീകരിച്ച കമ്മിറ്റി കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി വികസന ഫണ്ട് (SCSP) പദ്ധതി പുരോഗതി അവലോകനം ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മേൽനോട്ടത്തിൽ ബ്ലോക്കാ ടിസ്ഥാനത്തിൽ നടത്തിവരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ അതാത് വർഷം ചെലവഴിക്കാതെ വരുമ്പോൾ തുടർന്നുള്ള വർഷങ്ങളിൽ ടി പ്രവൃത്തികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവഹണം പൂർത്തീകരിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ നിർമ്മാണ പദ്ധതികളിൽ പ്രവൃത്തി പൂർത്തീകരിച്ച് അന്തിമ ബിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് ഫണ്ട് വിനിയോഗ ചെലവ് രേഖപ്പെടുത്തുന്നത്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്കും സ്കീം നിബന്ധനയിലെ വിവിധ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്കുമാണ് ഫണ്ട് ചെലവഴിക്കുന്നത്. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പ്രവൃത്തികൾ വ്യക്തിഗത ആനുകൂല്യങ്ങൾ അതാത് വർഷം പൂർത്തീകരിക്കാൻ സാധിക്കാതെ

| | | | |
|---|---|---|---|
| | | | വരുമ്പോൾ, തുടർ വർഷങ്ങളിൽ ടി പദ്ധതികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവഹണം പൂർത്തീകരിച്ചു വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായുമായി രൂപീകരിച്ച കമ്മിറ്റി കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അധ്യക്ഷത യിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും പ്ലാൻ സ്പേയ്സിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകളിൽ സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ പി.ഒ/ടി.ഡി.ഒ മാരുടെ യോഗത്തിൽ ഫണ്ട് ചെലവഴിക്കുന്നതിനെ സംബന്ധിച്ചും ചെലവ് കുറഞ്ഞ സ്കീമിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.<br><br>ജില്ലാതല - സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ സമയബന്ധിതമായി ചേരുന്നത് മൂലം പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കാനും സാധിക്കുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ അനുവദിക്കുന്ന ഫണ്ടുകൾ ലാപ്സാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തങ്ങൾക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്ലാൻ ഫണ്ട് വിനിയോഗ വിവരങ്ങൾ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും അവലോകനം ചെയ്യുന്നതിന് 'പ്ലാൻ സ്പേയ്സ്" എന്ന സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാസത്തിലൊരിക്കൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയും, പട്ടികജാതി |

വികസന വകുപ്പ് ഡയറക്ടറും, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു. കൂടാതെ പദ്ധതികൾ കാര്യക്ഷമവും സുതാര്യവും, സമയബന്ധിതവുമായി നടത്തുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ബ്ലോക്ക് തലത്തിലും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ പുരോഗതി അവലോകന യോഗങ്ങൾ ഡയറക്ടറുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുന്നുണ്ട്. ജില്ലാ തലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പദ്ധതികൾ കാര്യക്ഷമവും സുതാര്യവും, സമയബന്ധിതവുമായി നടത്തുന്നതിന് നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായുമായി രൂപീകരിച്ച കമ്മിറ്റി കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി വികസന ഫണ്ട് (SCSP) പദ്ധതി പുരോഗതി അവലോകനം ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മേൽനോട്ടത്തിൽ ബ്ലോക്കാ ടിസ്ഥാനത്തിൽ നടത്തിവരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ അതാത് വർഷം ചെലവഴിക്കാതെ വരുമ്പോൾ തുടർന്നുള്ള വർഷങ്ങളിൽ ടി

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവഹണം പൂർത്തീകരിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ നിർമ്മാണ പദ്ധതികളിൽ പ്രവൃത്തി പൂർത്തീകരിച്ച് അന്തിമ ബിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് ഫണ്ട് വിനിയോഗ ചെലവ് രേഖപ്പെടുത്തുന്നത്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്കും സ്കീം നിബന്ധനയിലെ വിവിധ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്കുമാണ് ഫണ്ട് ചെലവഴിക്കുന്നത്. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പ്രവൃത്തികൾ വ്യക്തിഗത ആനുകൂല്യങ്ങൾ അതാത് വർഷം പൂർത്തീകരിക്കാൻ സാധിക്കാതെ വരുമ്പോൾ, തുടർ വർഷങ്ങളിൽ ടി പദ്ധതികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവഹണം പൂർത്തീകരിച്ചു വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായുമായി രൂപീകരിച്ച കമ്മിറ്റി കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അധ്യക്ഷത യിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും പ്ലാൻ സ്പേയ്സിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകളിൽ സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ പി.ഒ/ടി.ഡി.ഒ മാരുടെ യോഗത്തിൽ ഫണ്ട് ചെലവഴിക്കുന്നതിനെ സംബന്ധിച്ചും ചെലവ് കുറഞ്ഞ സ്കീമിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.<br><br>ജില്ലാതല - സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ സമയബന്ധിതമായി ചേരുന്നത് മൂലം പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കാനും സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ